# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4401 25.06.2019 ൽ മറുപടിക്ക്**

**തേഞ്ഞിപ്പലം-പാണാമ്പ്ര ദേശീയപാത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.അബ്ദുൽ ഹമീദ് പി | | ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) | തേഞ്ഞിപ്പലം-പാണാമ്പ്ര ദേശീയപാതയിൽ നിലവിലുള്ള ഇലക്ട്രിക് പോസ്റ്റുകൾ ഉയരം കൂട്ടി മാറ്റി സ്ഥാപിക്കുന്നതിനായി പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | എ) | മലപ്പുറം ജില്ലയിലെ തേഞ്ഞിപ്പലം - പാണാമ്പ്ര ദേശീയപാതയിൽ നിലവിലുള്ള ഇലക്ട്രിക്പോസ്റ്റുകൾ ഉയരം കൂട്ടി സ്ഥാപിക്കുന്നതിനായുള്ള പ്രൊപ്പോസൽ മലപ്പുറം ദേശീയപാത ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പരിശോധിച്ചുവരുന്നു. ടി പ്രൊപ്പോസലിന് അനുമതി ലഭിക്കുന്നതിനു വേണ്ടി 28.01.2019 ൽ ശുപാർശ കത്ത് മലപ്പുറം ദേശീയപാത ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ നേരിട്ട് കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ തിരുവനന്തപുരം റീജിയണൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്. |
| ബി) | പ്രസ്തുത ദേശീയപാതയിൽ വർദ്ധിച്ചുവരുന്ന അപകടങ്ങൾ പരിഗണിച്ച് അപകടങ്ങൾ ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | ബി) | പ്രസ്തുത ദേശീയപാതയിലെ അപകടങ്ങൾ കുറയ്ക്കുന്നതിനായി സൈൻ ബോർഡുകൾ വെച്ചും, റോഡിൽ സീബ്രാ ലൈനുകൾ വരച്ചും ഗതാഗത സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. |
| സി) | പാണമ്പ്രവളവിൽ കഴിഞ്ഞ വർഷം സംഭവിച്ച ടാങ്കർ ലോറി അപകടത്തിൽ റോഡിനും അനുബന്ധ ഭാഗങ്ങൾക്കും ഉണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | സി) & ഡി) | ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിക്കുന്നതാണ് |
| ഡി) | ഇതു സംബന്ധിച്ച് ലഭിച്ച പ്രൊപ്പോസലുകൾക്ക് ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ